

# ഷീ ടോക്ക്




**എസ്. ഹരികിഷോർ ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**


അന്താരാഷ്ട്ര വനിതാദിനാഘോഷത്തിന്റെ ഭാഗമായി പതിനാല് ജില്ലകളിലും ഞങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയ ഒരു നൂതന ആശയമാണ് ഷീ ടോക്ക്. കുടുംബശ്രീയുടെ നിരവധി സൂക്ഷ്മ സംരംഭങ്ങൾ എല്ലാ ജില്ലകളിലുമുണ്ട്. വ്യത്യസ്ത മേഖലകളിലാകും ഈ സംരംഭങ്ങൾ. ഭക്ഷ്യോത്പന്നങ്ങൾ തയാറാക്കൽ, കറി പൗഡർ ഉദ്പാദനം, സോപ്പ് നിർമ്മാണം, കേറ്ററിങ് ഇങ്ങനെ വ്യത്യസ്ത മേഖലകളിലാകും ഈ സംരംഭങ്ങൾ. ഒരു ജില്ലയിൽ ഏറ്റവും കൂടുതൽ സൂക്ഷ്മ സംരംഭങ്ങളുള്ള ഒരു മേഖല തെരഞ്ഞെടുത്ത് ആ മേഖലയെക്കുറിച്ചുള്ള അവതരണമാണ് ഷീ ടോക്ക് വഴി നടത്തുന്നത്.

ഓരോ ജില്ലയും ഷീ ടോക്കിനായി ഒരു മേഖല തെരഞ്ഞെടുക്കുകയും ആ മേഖലയിലെ ജില്ലയിലെ ഏറ്റവും മികച്ച മൂന്ന് സംരംഭകരെ കണ്ടെത്തുകയും ചെയ്യുന്നു.

അവർ മൂന്ന് പേരും അവരുടെ അനുഭവങ്ങൾ ഇതേ മേഖലയിലുള്ള ജില്ലയിലെ മറ്റ് സംരംഭകരോട് പങ്കുവയ്ക്കുന്നു. തങ്ങളുടെ പ്രവർത്തനരീതിയും, ബ്രാൻഡിങ്, പാക്കിങ് ഉൾപ്പെടെയുള്ള കാര്യങ്ങളും തങ്ങൾ നേരിട്ട പ്രതിസന്ധികളെക്കുറിച്ചും അവയെ എങ്ങനെ അതിജീവിച്ചു എന്നിങ്ങനെ നിരവധി അനുഭവങ്ങൾ ഇവർ കേൾവിക്കാരായ സംരംഭകർക്ക് പകർന്ന് നൽകുന്നു. ഇങ്ങനെ ഇവർ പങ്കുവയ്ക്കുന്ന വിജയകഥകൾ മനസ്സിലാക്കുകയും അതിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുകയും ചെയ്തുകൊണ്ട് തങ്ങളുടെ സംരംഭങ്ങൾ വിജയത്തിലേക്കെത്തിക്കാനുള്ള അവസരം ജില്ലയിലെ മറ്റ് സംരംഭകർക്ക് ഒരുക്കുകയായിരുന്നു ഞങ്ങൾ ഷീ ടോക്കിലൂടെ. കേരളത്തിലെ 14 ജില്ലകളിലും കഴിഞ്ഞ ഒരാഴ്ചകൊണ്ട് ഷീ ടോക്ക് നടന്നു കഴിഞ്ഞു. ഷീ ടോക്കിൽ സംസ്ഥാനത്താകെ 650 സംരംഭകർ പങ്കാളികളുമായി.

14 ജില്ലകളിലും നടന്ന ഷീടോക്ക് പരിപാടിയുടെ വിശദാംശങ്ങൾ

1. കാസർഗോഡ് – എൽഇഡി നിർമ്മാണം – വനിതാഭവൻ കാസർഗോഡ്
2. കണ്ണൂർ – ബേക്കറി ഉത്പന്നം – ഡിപിസി മിനി ഹാൾ
3. വയനാട് – കറി പൗഡർ – സിവിൽ മിനി ഹാൾ
4. കോഴിക്കോട് – സോപ്പ് ആൻഡ് ടോയ്‌ലറ്ററീസ് – ജില്ലാപഞ്ചായത്ത് ഹാൾ
5. മലപ്പുറം – ധാന്യപ്പൊടി ഉത്പാദന യൂണിറ്റ്സ്– ബസ് സ്റ്റാൻഡ് ഓഡിറ്റോറിയം
6. പാലക്കാട് – ഭക്ഷ്യ ഉത്പന്നങ്ങൾ – ശ്രീകൃഷ്ണപുരം കല്യാണമണ്ഡപം
7. തൃശ്ശൂർ – കറി പൗഡർ– മൈഗ്രേഷൻ സപ്പോർട്ട് സെന്റർ
8. എറണാകുളം – അച്ചാർ ഉത്പാദനം– പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ
9. ഇടുക്കി – സോപ്പ് നിർമ്മാണം – കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് ഹാൾ
10. കോട്ടയം – കറി പൗഡർ – ലയൺസ് ക്ലബ്ബ് ഹാൾ
11. ആലപ്പുഴ – കറി പൗഡർ – അമ്പലപ്പുഴ ടൗൺ ഹാൾ
12. പത്തനംതിട്ട – കറി പൗഡർ – കളക്ടറേറ്റ് ഹാൾ
13. കൊല്ലം– കറി പൗഡർ – ആത്മ ഹാൾ
14. തിരുവനന്തപുരം – അച്ചാർ ഉത്പാദനം– മൈഗ്രേഷൻ സപ്പോർട്ട് സെന്റർ